©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2018 മേയ് 26<br>26th May 2018<br>1193 ഇടവം 12<br>12th Idavam 1193<br>1940 ജ്യേഷ്ഠം 5<br>5th Jyaishta 1940 | നമ്പർ<br>No. 1374 |

## കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ആർ. സി.) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 40/2018/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2018 മേയ് 22 / 1193 ഇടവം 8.*

**എസ്. ആർ. ഒ. നമ്പർ 325/2018.**—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 218-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും പ്രസ്തുത ആക്റ്റിലെ 218-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം മലപ്പുറം ജില്ലയിലെ കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ "പുഴ പുറമ്പോക്ക്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി, പ്രസ്തുത ഗ്രാമ പഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷം, പ്രസ്തുത ആക്റ്റിന്റെ പരിധിയിൽനിന്നും, ഇതിനാൽ ഒഴിവാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/2018/2018/S-24.

## പട്ടിക

| | | |
|---|---|---|
| ജില്ല | .. | മലപ്പുറം |
| താലൂക്ക് | .. | നിലമ്പൂർ |
| വില്ലേജ് | .. | കരുവാരകുണ്ട് |
| ഗ്രാമപഞ്ചായത്ത് | .. | കരുവാരകുണ്ട് |
| ബ്ലോക്ക് നമ്പർ | .. | 153 |
| റീസർവ്വേ നമ്പർ | .. | 235 |
| വിസ്തീർണ്ണം | .. | 8.0971 ആർ (20 സെന്റ്) |

### അതിരുകൾ

| | | |
|---|---|---|
| വടക്ക് | .. | പുഴ പുറമ്പോക്ക് |
| തെക്ക് | .. | പുഴ പുറമ്പോക്ക് |
| കിഴക്ക് | .. | പുഴ |
| പടിഞ്ഞാറ് | .. | റോഡ് |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടി. കെ. ജോസ്,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 218-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം മലപ്പുറം ജില്ലയിലെ കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള, റീസർവ്വേ നമ്പർ 235-ൽപ്പെട്ട 8.0971 ആർ "പുഴ പുറമ്പോക്ക്" ഭൂമി, കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ് എന്നിവയുടെ കെട്ടിടം നിർമ്മിക്കുന്നതിനായി കൈമാറുന്നതിലേക്കായി, ടി ആക്റ്റിലെ 218-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പ്രസ്തുത ആക്റ്റിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷം കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---